V. ശ്രദ്ധ ക്ഷണിക്കൽ

(1) വലപ്പാട് ഗവൺമെൻറാശുപത്രിയുടെ ശോച്യാവസ്ഥ

ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: സർ, നാട്ടിക നിയോജകമണ്ഡലത്തിൽപ്പെട്ട വലപ്പാട് ഗവൺമെൻറാശുപത്രിയുടെ ശോചനീയാവസ്ഥ ഞാൻ ഈ സഭയുടെ മുൻപാകെ സമർപ്പിക്കുകയാണ്. പഴയ മലബാറിൻെറ ഭാഗമായിരുന്നതും തൃശൂർ ജില്ലയിലെ തീരപ്രദേശത്തു സ്ഥിതിചെയ്യുന്നതുമായ നിയോജകമണ്ഡലമാണ് നാട്ടിക. അൻപതിലേറെ വർഷങ്ങളായി പഴക്കംചെന്നതും ജീർണ്ണിച്ചതുമായ കെട്ടിടങ്ങളും അതുപോലെതന്നെ രോഗികൾക്ക് കിടക്കാൻ സൗകര്യമില്ലാത്ത തുരുമ്പിച്ച കട്ടിലുകളുമാണ് അവിടെയുള്ളത്. വളരെയേറെ ശോചനീയാവസ്ഥയിലാണ് ഈ ആശുപത്രി സ്ഥിതിചെയ്യുന്നത്. 3 ഡോക്ടർമാരാണ് അവിടെയുള്ളത്. ബെഡ് സ്ട്രെങ്ത്ത് 65 ആണ്. അവിടെ രോഗികൾക്ക് കിടക്കാനുള്ള കട്ടിലുകൾ എല്ലാം തന്നെ തുരുമ്പിച്ചവയാണ്. പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിന് കക്കൂസുകളും അതുപോലെതന്നെ മൂത്രപ്പുരയും അതിന് പറ്റിയ രീതിയിലുള്ളതല്ല. പ്രസവവാർഡിൽ 6 കട്ടിലുകളാണുള്ളത്. സ്റെറിലൈസേഷൻ സൗകര്യങ്ങളില്ല. ഓപ്പറേഷൻ നടത്താൻ ടേബിളില്ല. അതുപോലെതന്നെ ശുദ്ധജലം ഇല്ല. അങ്ങനെ എല്ലാ രീതിയിലും വളരെയേറെ അവഗണിക്കപ്പെട്ട ഒരാശുപത്രിയാണിത്. എൻെറ നിയോജകമണ്ഡലം ഏറ്റവും കൂടുതൽ മൽസ്യത്തൊഴിലാളികൾ തിങ്ങിവസിക്കുന്ന ഒരു പ്രദേശമാണ്. നിയോജകമണ്ഡലത്തിലെ 7 പഞ്ചായത്തുകളിലുള്ള പാവപ്പെട്ടവരുടെ ഏക ആശ്രയമായ ആതുരശുശ്രൂഷാ കേന്ദ്രമാണിത്. 7–2–1985–ൽ ബഹുമാനപ്പെട്ട മന്ത്രിയായിരുന്ന ശ്രീ. കെ. പി. രാമചന്ദ്രൻ നായർ ആ സ്ഥലത്തു വരികയും ആശുപത്രിയുടെ ശോചനീയാവസ്ഥ നേരിൽക്കണ്ട് ബോദ്ധ്യപ്പെടുകയും ചെയ്തിട്ടുള്ളതാണ്. അതിനുശേഷം കഴിഞ്ഞ (1985) ഡിസംബറിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ അതിന് ആവശ്യമായ സംവിധാനങ്ങൾ ഉണ്ടാക്കാനുള്ള ഉത്തരവ് പുറപ്പെടുവിച്ചതുമാണ്. എന്നാൽ നാളിതുവരെ യാതൊരു നടപടിയും അവിടെ ഉണ്ടായിട്ടില്ല.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

തീരദേശ നിയോജകമണ്ഡലങ്ങളായ ഗുരുവായൂരിലും കൊടുങ്ങല്ലൂരിലും താലൂക്കാശുപത്രികൾ ഉണ്ട്. മൽസ്യത്തൊഴിലാളികളുടെ അധിവാസകേന്ദ്രമായ നാട്ടിക നിയോജകമണ്ഡലത്തിലെ ഈ ആശുപത്രിയിൽ ബെഡ് സ്ട്രെങ്ത്ത് 65 ഉണ്ടെങ്കിലും മൂന്നു ഡോക്ടർമാർ ഉണ്ടെങ്കിലും ഒരു ഡ്യൂട്ടി ഡോക്ടർ പോലും ഇല്ലെന്നുള്ളതാണ് കഷ്ടകരമാണ്. അവിടത്തെ പൊളിഞ്ഞതും ജീർണ്ണിച്ചതും തകർന്നതുമായ കെട്ടിടങ്ങൾ അടിയന്തിരമായി പൊളിച്ചു പണിയണം. ഗവർണ്ണർ വാഞ്ചുവിൻെറ കാലത്ത് ഉൽഘാടനം ചെയ്ത ചിൽഡ്രൻസ് വാർഡ് വാതിലുകളും ഇല്ലാതെ, കട്ടിലുകളും ഇല്ലാതെ, സ്പെഷ്യലിസ്റുമില്ലാതെ ഇന്ന് അനാഥപ്രേതംപോലെ കിടക്കുകയാണ്. അതുപോലെ തന്നെ മറെറാരു പ്രധാനപ്പെട്ട കാര്യമുണ്ട്. ഔട്ട് പേഷ്യൻറായിട്ട് വരുന്ന ആളുകൾ മഴയും വെയിലും കൊണ്ടുവേണം നിൽക്കാൻ. അവിടെയൊരു ഔട്ട് പേഷ്യൻറ് വാർഡില്ല. ആശുപത്രിയ്ക്ക് അനുയോജ്യമല്ലാത്ത പഴയ നാലുകെട്ടാണ് അവിടെ മെയിനായിട്ടുള്ള ആശുപത്രിക്കെട്ടിടം. ശ്രീ. വക്കം പുരുഷോത്തമൻ ആരോഗ്യ വകുപ്പു മന്ത്രിയായിരുന്ന കാലത്ത് ഉൽഘാടനം ചെയ്ത ഓപ്പറേഷൻ തിയേറെറിൽ ടേബിളില്ല, സ്റെറിലൈസേഷൻ സൗകര്യമില്ല. മറെറാ സജ്ജീകരണങ്ങളും ഒന്നുമില്ല. ഓപ്പറേഷൻ ചെയ്ത

LIBRARY ARCHIVES Kerala Legislative Assembly

തിനുശേഷം രോഗികളെ കിടത്തുന്നതിന് പോസ്റ്റ് ഓപ്പറേഷൻ വാർഡ് കെട്ടുന്നതിനുവേണ്ടി തറക്കല്ലിട്ടിട്ട് കൊല്ലങ്ങളായിട്ടും പണി മുഴുവനാക്കിയിട്ടില്ല. ഇതിന് 1,13,000 രൂപയുടെ ബഡ്ജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടും ഇന്നുവരെ അതിന്റെ പണി തുടങ്ങിയിട്ടില്ല. പാവപ്പെട്ട മൽസ്യത്തൊഴിലാളികളുടെ ഏക ആശാകേന്ദ്രമായ ഈ ആതുരശുശ്രൂഷാ കേന്ദ്രത്തിന് ഒരു താലൂക്ക് ആശുപത്രിയുടെ പദവി നൽകുകയും സ്പെഷ്യലിസ്റ്റ് അടക്കമുള്ള ഡോക്ടർമാരെ നിയമിക്കുകയും ചെയ്യണം. അതുപോലെതന്നെ പുതിയ വാർഡുകളും പണിയുകയും നിലവിലുള്ള ഔട്ട് പേഷ്യന്റ് വാർഡ് പുതുക്കിപ്പണിയുകയും ശുദ്ധജല സൗകര്യം ഉണ്ടാക്കുകയും പോസ്റ്റ് ഓപ്പറേഷൻ വാർഡ് നിർമ്മിക്കുന്നതിനുള്ള പണി ത്വരിതപ്പെടുത്തുകയും ചെയ്യണം. മൽസ്യത്തൊഴിലാളികളുടെ രക്ഷാകർത്താവായിട്ടുള്ള മുഖ്യമന്ത്രി ഇവയൊക്കെ അടിയന്തിരമായിട്ട് ചെയ്യുന്നതിന് നടപടികളും സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, വലപ്പാട്, ചാവക്കാട് താലൂക്കിലുള്ള സ്ഥലമാണ്. ചാവക്കാട് താലൂക്ക് ഹോസ്പിറ്റലുണ്ട്. ഈ ഹോസ്പിറ്റലിൽ ഇപ്പോഴും മൂന്നു ഡോക്ടർമാരുണ്ട്. 51 കിടക്കകളുമുണ്ട്. ഈ അടുത്ത കാലത്താണ് 14 കിടക്കകളുള്ള ജനതാ പേ—വാർഡ് പൂർത്തീകരിച്ചിട്ടുള്ളത്. ഇതിനും പുറമേ കുട്ടികളുടെ ഒരു വാർഡും എക്സ്-റേ ബ്ലോക്കും പോസ്റ്റ് ഓപ്പറേഷൻ വാർഡും പണിയുന്നതിനുള്ള സ്കീം ഗവൺമെന്റിന്റെ പരിഗണനയിൽ ഉണ്ട്. നിർഭാഗ്യവശാൽ ബഡ്ജറ്റിൽ അതിനാവശ്യമായ പണം ഉൾക്കൊള്ളിച്ചിട്ടില്ല. ഏതായാലും ശരി അതിനാവശ്യമായ പണം കണ്ടെത്തി ആവശ്യമായ നടപടികളും സ്വീകരിക്കുന്നതാണ്. റിപ്പെയറിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പി. ഡബ്ലിയു.ഡി. യുമായി ആലോചിച്ച് ആവശ്യമായ റിപ്പെയറിംഗ് നടത്തുന്നതിനും അതുപോലെ തന്നെ കുടിവെള്ളം എത്തിക്കുന്നതിനുവേണ്ടി കുഴൽകിണറുകളും കുഴിക്കുന്നതിനും ഉള്ള നടപടികളും സ്വീകരിക്കുന്നതാണ്. ഡി. എം. ഒ. യ്ക്ക് നിർദ്ദേശം കൊടുത്തിരിക്കുകയാണ്. ഡി. എം. ഒ. യുടെ നിർദ്ദേശം അനുസരിച്ച് പ്രവർത്തിക്കുന്നതിന് ചീഫ് എഞ്ചിനീയർക്കും നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഇവിടെ സൂചിപ്പിച്ച കാര്യങ്ങളും കണക്കിലെടുത്തുകൊണ്ട് പരമാവധി ചെയ്യാൻ സാധിക്കുന്ന എല്ലാ കാര്യങ്ങളും ചെയ്യാൻ ശ്രമിക്കുന്നതാണ്. സാമ്പത്തികസ്ഥിതി അനുസരിച്ച് പിന്നീട് ചെയ്യുന്നതാണ്.

ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: ഏറ്റവും അത്യാവശ്യമായ ഒരു കാര്യം എന്നു പറയുന്നത് ഒരു ഡ്യൂട്ടി ഡോക്ടറെ ഫുൾടൈം നിയമിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കണമെന്നുള്ളതാണ്.

ശ്രീ. കെ. കരുണാകരൻ: അത് പരിശോധിക്കാം.

(2) എരിഞ്ഞിപ്പുഴ തോണിയപകടം

ശ്രീ. കെ. പുരുഷോത്തമൻ: സർ, 16—7—1986—ന് കാസർകോട് ജില്ലയിൽ എരിഞ്ഞിപ്പുഴയിലുണ്ടായ തോണിയപകടത്തിൽ അഞ്ചുപേർ ദാരുണമായി കൊല്ലപ്പെട്ടു. മാനുവൽ എന്ന അദ്ധ്യാപകനും അദ്ദേഹത്തിന്റെ രണ്ടു പെൺമക്കളും വിശേശർ ഭട്ട്, ഉദാനഗുരുഭട്ട് എന്നീ രണ്ടു ബ്രാഹ്മണ യുവാക്കളും മരണമടഞ്ഞു. അഞ്ചുപേർക്ക് കഷ്ടിച്ചിരിക്കാവുന്ന ഒരു ചെറുതോണിയിൽ ഒൻപതു പേരെ ഇരുത്തിയാണ് തുഴഞ്ഞത്. പുഴയാണെങ്കിൽ നിറഞ്ഞ് കരകവിഞ്ഞൊഴുകുകയായിരുന്നു. കനത്ത

LIBRARY ARCHIVES Kerala Legislative Assembly